# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER | 18 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

### ശബരിമല പ്രസാദത്തിന്റെ തപാല് വിതരണം വന് വിജയം; ഇതുവരെ വിതരണം ചെയ്തത് 1.10 കോടി രൂപയുടെ പ്രസാദം

ശബരിമല സ്വാമി പ്രസാദം തപാല് മുഖേന ഭക്തർക്ക് വീടുകളിലെത്തിച്ച് നൽകുന്ന പദ്ധതി വൻവിജയത്തിലേക്ക്. കോവിഡ് 19 ന്റെ പശ്ചാത്തലത്തില് ഭാരതീയ തപാല് വകുപ്പുമായി ചേർന്നാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് തപാല് വഴി പ്രസാദ വിതരണം ആരംഭിച്ചത്. ഈ മണ്ഡലകാലത്ത് ഇതുവരെ 1,10,88,900 രൂപായാണ് പ്രസാദ വിതരണത്തിലൂടെ ലഭിച്ചത്. ഇതില് 61,60,500 രൂപാ ദേവസ്വം ബോർഡിനും 49,28,400 രൂപാ തപാല് വകുപ്പിനും ലഭിച്ചു. 24,642 പ്രസാദ കിറ്റുകള് ഇത്തരത്തില് വിതരണം ചെയ്ത് കഴിഞ്ഞു.
കോവിഡ് മഹാമാരിയെത്തുടർന്ന് ശബരിമല ദർശനത്തിനെത്തുന്ന ഭക്തരുടെ എണ്ണം പരിമിതപ്പെടുത്തിയിരുന്നു. ഇതോടെയാണ് ഭക്തർക്ക് പ്രസാദം എത്തിച്ച് നൽകണമെന്ന ഉദ്ദേശ്യത്തോടെ തപാല് മുഖേന പ്രസാദ കിറ്റ് വിതരണം ചെയ്യാന് ദേവസ്വം ബോർഡ് തീരുമാനിച്ചത്. അരവണ, നെയ്യ്, കുങ്കുമം, മഞ്ഞള്, വിഭൂതി, അർച്ചന പ്രസാദം എന്നിവയാണ് പ്രസാദ കിറ്റിലുള്ളത്. ആദ്യം ഉൾപ്പെടുത്തിയിരുന്നെങ്കിലും കേട് വരാന് സാധ്യതയുള്ളതിനാല് കിറ്റില് നിന്നും അപ്പം ഒഴിവാക്കി. പോസ്റ്റ് ഓഫീസ് മുഖേന ബുക്ക് ചെയ്യുന്നവർക്ക് അരവണ പ്രസാദം സ്പീഡ് പോസ്റ്റിലൂടെ എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും

പാലിച്ച് പോസ്റ്റ്മാന് വീടുകളിലെത്തിച്ച് നൽകും. പോസ്റ്റ് ഓഫീസുകളില് പണമടച്ചാണ് അരവണ പ്രസാദം ബുക്ക് ചെയ്യേണ്ടത്. ഇതിനായി പ്രത്യേക അപേക്ഷാ ഫോം രാജ്യമെമ്പാടുമുള്ള പോസ്റ്റ് ഓഫീസുകളില് ലഭ്യമാക്കിയിട്ടുണ്ട്.

450 രൂപായാണ് ബുക്കിംഗ ചാർജ്. ഇതില് 250 രൂപായാണ് അരവണ നിർമിച്ച് കൈമാറുന്ന ദേവസ്വം ബോർഡിന് ലഭിക്കുക. പാഴ്സല്, ട്രാൻസ്പോർട്ടേഷന് ഇനങ്ങളില് 200 രൂപ തപാല് വകുപ്പിനാണ്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളില് നിന്നുള്ള ബുക്കിംഗിന്റെ വിശദാംശങ്ങള് പമ്പ ത്രിവേണിയിലെ പോസ്റ്റ് ഓഫീസിലാണ് ലഭിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തില് ഇവിടെ നിന്നും ഇ-മെയില് വഴി സന്നിധാനത്തെ ദേവസ്വം ഓഫീസിലേക്ക് ഓർഡര് നൽകും. ഇതിന് ദേവസ്വം ഓഫീസില് നിന്ന് അനുമതി നൽകുന്നതോടെ സന്നിധാനത്തെ പ്ലാന്റില് അരവണ നിര്മിച്ച് ടിന്നിലാക്കും. ഇതോടൊപ്പം നെയ്യ്, കുങ്കുമം, മഞ്ഞള്, വിഭൂതി എന്നിവയും പ്രത്യേകം പാക്ക് ചെയ്യും. ക്ഷേത്രത്തില് നിന്ന് നൽകുന്നത് പോലെ തന്നെ അർച്ചന പ്രസാദം ഇലയില് പൊതിഞ്ഞാണ് കിറ്റില് നിറയ്ക്കുന്നത്. ഇവ സന്നിധാനത്ത് നിന്ന് പമ്പ ത്രിവേണി പോസ്റ്റ് ഓഫീസിലേക്ക് ദേവസ്വം ബോർഡ് എത്തിക്കും. ഇവിടെ നിന്നും ബുക്ക് ചെയ്തവർക്ക് തപാല് വകുപ്പ് പ്രസാദമെത്തിച്ച് നൽകും.

തപാല് മുഖേനയുള്ള പ്രസാദ വിതരണത്തിന് മികച്ച പ്രതികരണമാണ് ഭക്തരില് നിന്നും ലഭിക്കുന്നതെന്ന് തിരുവിതാംകൂര് ദേവസ്വം ബോർഡ് കമ്മീഷണര് ബി.എസ്. തിരുമേനി പറഞ്ഞു. വരും വർഷങ്ങളിലും പദ്ധതി തുടരുന്നതിനാണ് ആലോചനയെന്നും അദ്ദേഹം പറഞ്ഞു.

**(പി.ആര്. ശബരി-(115)**


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER | 18 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

## പാരമ്പര്യത്തിന്റെ തുടർച്ചയുമായി അയ്യപ്പ സന്നിധിയില് മണർകാട് സംഘമെത്തി

ആചാര പെരുമയുടെ അകമ്പടിയില് ശബരിമല സന്നിധാനത്തെത്തിയ മണർകാട് സംഘം സോപാന സന്നിധിയില് പണക്കിഴി സമർപ്പിച്ചു. ചരിത്രവും ഐതിഹ്യവും ഇഴ പിരിഞ്ഞു കിടക്കുന്നതാണ് കോട്ടയം മണർകാട് നിന്നുളള സംഘത്തിന്റെ ശബരിമല യാത്ര. ഒരു കാലത്ത് മകരവിളക്കിന് മാത്രമായിരുന്നു ശബരിമല നട തുറന്നിരുന്നത്. ഘോര വനത്തിലൂടെ അന്ന് തന്ത്രിക്കും മേൽശാന്തിക്കും സന്നിധാനത്തേക്ക് ഉള്ള കാല്നട യാത്രയ്ക്ക് കൂട്ടുവന്നത് മണർകാട് നിന്നുളളവരാണ്. കാലം മാറിയപ്പോള് ശബരിമലയിലെ പൂജാസമയങ്ങളിലും യാത്രാ രീതിയിലും മാറ്റം വന്നു. എങ്കിലും മേൽശാന്തിക്കും തന്ത്രിക്കും ശബരിമലയിലേക്ക് അകമ്പടി പോയതിന്റെ സ്മരണയുടെ വീണ്ടെടുക്കലാണ് മണർകാട് സംഘത്തിന്റെ കിഴി സമർപ്പണം. ഒരു കാലത്ത് മുടങ്ങിപ്പോയ ഈ ആചാരം 25 വർഷം മുമ്പാണ് വീണ്ടും തുടങ്ങിയത്.ഗുരുസ്വാമി സി.എന്.പ്രകാശ് കുമാറിന്റെ നേതൃത്വത്തിലാണ് ഇത്തവണ സംഘമെത്തിയത്. എല്ലാ വർഷവും ധനുമാസം ഒന്നിനാണ് കാണിക്ക സമർപ്പിച്ചിരുന്നത്. കോവിഡിന്റെ പശ്ചാത്തലത്തില് ഇപ്രാവശ്യം ഒരു ദിവസം വൈകിയെങ്കിലും സ്വാമിക്ക് മുൻപില് കാണിക്ക സമർപ്പിക്കാനായത് പുണ്യമാണെന്ന് ഗുരുസ്വാമി സി.എന്.പ്രകാശ് കുമാർ പറഞ്ഞു. മണർകാട് ഭഗവതി ക്ഷേത്രത്തില് വച്ച് ഇരുപത്തിയെട്ടര

കാണിക്ക പണം കെട്ടുമുറുക്കി നീലപ്പട്ടില് പൊതിഞ്ഞ് കിഴിയാക്കിയാണ് ഭഗവാന് സമര്‍പ്പിക്കുന്നതിനായി എത്തിക്കുന്നത്.

ശബരിമല ക്ഷേത്രത്തോളം തന്നെ പഴക്കമുണ്ട് മണര്‍കാട് സംഘത്തിന്റെ ശബരിമല ബന്ധത്തിന്. എരുമേലി വഴി പരമ്പരാഗത കാനന പാതയിലൂടെയാണ് ഇവര് സാധാരണയായി ശബരിമലയില് എത്താറ്. ഇപ്രാവശ്യം പമ്പയില് നിന്നും സ്വാമി അയ്യപ്പന് - ചന്ദ്രാനന്ദന് പാതകള് വഴി മാത്രമാണ് യാത്രാനുമതി എന്നതിനാല് അതുവഴിയാണ് സന്നിധാനത്ത് എത്തിയതെന്ന് ഗുരുസ്വാമി പറഞ്ഞു. പതിവായി ഗുരുസ്വാമിയുടെ നേതൃത്വത്തില് അമ്പത് അംഗസംഘമാണ് വരാറുള്ളത്. ഇത്തവണ കോവിഡിന്റെ പശ്ചാത്തലത്തില് അഞ്ചംഗ സംഘമാണ് കാണിക്ക സമര്‍പ്പിക്കാന് എത്തിയത്. ദര്‍ശനം പൂര്‍ത്തിയാക്കി മേല്‍ശാന്തിയുടെയും തന്ത്രിയുടെയും അനുഗ്രഹവും വാങ്ങിയാണ് മണര്‍കാട് സംഘം മലയിറങ്ങിയത്.

**(പി.ആര്. ശബരി-(116)**

വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | | |
| --- | --- | --- |
| DECEMBER | 18 | 2020 |




## ശബരിമല പത്രക്കുറിപ്പ് 3


ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co


### ശബരിമലയിലെ നാളെത്തെ ചടങ്ങുകള് (19.12.2020)

പുലർച്ചെ 4 മണിക്ക് പള്ളി ഉണർത്തല്
5 ന്.... നട തുറക്കല്
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
7 മണി മുതല് 11 മണി വരെ നെയ്യഭിഷേകം
7.30 ന് ....ഉഷപൂജ
8 മണി മുതല് 9 മണി വരെ ഉദയാസ്തമന പൂജ
11.30 ന് .....25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കല്
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവില് നട അടയ്ക്കും.

(പി.ആര്‍. ശബരി-(117)


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 18 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് 4


ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co


### പുണ്യം പൂങ്കാവനം: പൂന്തോട്ട നിർമ്മാണവുമായി പോലീസ് സ്പെഷ്യല് പോലീസ് ഓഫീസറും സംഘവും

ശബരിമല പുണ്യം പൂങ്കാവനം പദ്ധതിയുടെ ഭാഗമായി സന്നിധാനത്തെ ഭസ്മക്കുളത്തിന് സമീപം നിർമിച്ച പൂന്തോട്ടത്തില് പുതുതായി ചാർജ് എടുത്ത സന്നിധാനം പോലീസ് സ്പെഷ്യല് ഓഫീസര് എ.എസ്. രാജുവിന്റെ നേതൃത്വത്തില് വിവിധയിനങ്ങളിൽപ്പെട്ട ചെടികള് നട്ടു. തെച്ചി, മുല്ല, പാല, അരുളി, ചെമ്പകം, പിച്ചി, നന്ത്യാർവട്ടം തുടങ്ങിയ ഔഷധ ഗുണമുള്ള സസ്യങ്ങളാണ് സന്നിധാനത്തെ പൂങ്കാവനത്തില് നട്ടുവളർത്തുന്നത്.നമ്മുടെ പൈതൃക സ്വത്തായ കുളങ്ങളും കാവുകളും മാലിന്യമില്ലാതെ കാത്തുസൂക്ഷിക്കുന്നതിന് പുതിയതലമുറ മുന്തിയ പരിഗണന നൽകണമെന്നും, അയ്യപ്പസ്വാമിയുടെ പൂങ്കാവനം മാലിന്യ മുക്തമായിരിക്കേണ്ടത് ഭക്തൻമാരുടെയും, സന്നിധാനത്ത് സേവനമനുഷ്ഠിക്കുന്ന ഓരോ വകുപ്പ് ജീവനക്കാരുടെയും ചുമതലയും കടമയുമാണെന്ന് സന്നിധാനം പോലീസ് സ്പെഷ്യല് ഓഫീസര് എ.എസ്. രാജു പറഞ്ഞു. പുണ്യം പൂങ്കാവനം പദ്ധതിയുടെ പ്രവർത്തനങ്ങള് കൂടുതല് സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.

കോവിഡ് സാഹചര്യത്തില് ഭക്തരുടെ എണ്ണം കുറഞ്ഞതിനാല് സന്നിധാനത്തും പരിസരങ്ങളിലും മാലിന്യത്തിന്റെ അളവ് കുറഞ്ഞിട്ടുണ്ട്. ചടങ്ങില് സന്നിധാനം അസി. സ്പെഷ്യല് പോലീസ് ഓഫീസര് അമ്മിണികുട്ടന്, പോലീസ് സർക്കിള് ഇൻസ്പെക്ടർമാരായ

ത്രിതീപ് ചന്ദ്രന്, ശ്യാംകുമാര്, ശ്രീജിത്ത്, എഎസ്ഐ സജി മുരളി, പുണ്യം പൂങ്കാവനം പദ്ധതിയുടെ പ്രവര്‍ത്തകരായ അമ്പാശങ്കര്, ശേഖര് സ്വാമി, പുണ്യം പൂങ്കാവനം പദ്ധതിക്കായി നിയമിച്ച പോലീസ് വോളന്റിയര്‍മാരായ നിഷില്, ദീപു തുടങ്ങിയവര് പങ്കെടുത്തു.

**(പി.ആര്. ശബരി-(118)**


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.